**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2080** **16-03-2022 - ൽ മറുപടിയ്ക്ക്**

**ലോകായുക്ത നിയമ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **null**<br>**(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നിലവിലുള്ള ചില മന്ത്രിമാർക്കെതിരെയുള്ള പരാതികൾ ഉൾപ്പെടെ ലോകായുക്തയിൽ നിലനിൽക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ ഭേദഗതിയ്ക്കെതിരായി എന്തെങ്കിലും എതിർപ്പ് നിയമവകുപ്പ് ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ലോകായുക്തയിൽ നിലനിൽക്കുന്ന പരാതികളെ സംബന്ധിച്ച വിശദവിവരങ്ങൾ സർക്കാർ ശേഖരിക്കുന്നില്ല. നിയമവകുപ്പ് ഭേദഗതിക്കെതിരായി എതിർപ്പൊന്നും രേഖപ്പെടുത്തിയിട്ടില്ല. |
| (ബി) | ലോകായുക്തയുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന തരത്തിലുള്ള ഭേദഗതിയായതിനാൽ വിശദമായി ചർച്ച ചെയ്യേണ്ടതുണ്ടെന്ന തരത്തിലുള്ള ഏതെങ്കിലും നിർദ്ദേശം നിയമവകുപ്പ് നൽകിയിട്ടുണ്ടോ; | (ബി) | ഭേദഗതിയിലൂടെ ലോകായുക്തയുടെ അധികാരങ്ങളൊന്നും കുറച്ചിട്ടില്ല. |
| (സി) | ഭേദഗതിയ്ക്കനുകൂലമായി നിയമോപദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിയമോപദേശം ആരാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ